*"ഭരണഭാഷ–മാതൃഭാഷ"*

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് ബിറ്റുമിൻ മിക്സിംഗ് പ്ലാൻറ് (ഹസാർഡസ് ഒക്യുപൻസി) കെട്ടിടനിർമ്മാണം – ലേ–ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.01.2021–ലെ A2 256/2021 നമ്പർ കത്ത്.
2. ശ്രീ. ജി. സതീഷിന്റെ 16.02.2021–ലെ കത്ത്.

---

**ഉത്തരവ് നമ്പർ TCPKTM/132/2021–C** **തീയതി : 09/03/2021**

---

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എരുമേലി നോർത്ത് വില്ലേജിൽ, ബ്ലോക്ക് നമ്പർ 25–ൽ റീസർവ്വെ നമ്പർ 44/3–ൽപ്പെട്ട 8097 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 115.34 ച.മീറ്റർ വിസ്തീർണ്ണമുള്ള ഓഫീസ് കം റെസിഡൻസ് ബിൽഡിംഗ്, 11.85 ച.മീ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റ് ബ്ലോക്ക്, 22.56 ച.മീ വിസ്തീർണ്ണമുള്ള സെക്യൂരിറ്റി ക്യാബിൻ , 43 ച.മീ വിസ്തീർണ്ണമുള്ള ഫോർബിൻ ഫീഡർ, 4.72 ച.മീ വിസ്തീർണ്ണമുള്ള കൺട്രോൾ ക്യാബിൻ, 43 ച.മീ വിസ്തീർണ്ണമുള്ള അസ്ഫാൾട്ട് ടാങ്ക്, 32.78 ച.മീ വിസ്തീർണ്ണമുള്ള സ്ലഡ്ജ് ടാങ്ക്, 6.09 ച.മീ വിസ്തീർണ്ണമുള്ള ലൂഡോ ടാങ്ക് എന്നിവ ഉൾപ്പെടുന്ന ആകെ 279.34 ച.മീ വിസ്തീർണ്ണമുള്ള ബിറ്റുമിൻ മിക്സിംഗ് പ്ലാന്റ് ഇവ നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ–2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗിത്തിനും, കെട്ടിടങ്ങളുടെ ലേ –ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ–2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര–ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തണം.
6. തൊഴിലാളികളുടെ താമസം , കുടിവെള്ളം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ

വരുത്തേണ്ടതാണ്.

7. ചട്ടം 79(6) പ്രകാരം ദ്രവമാലിന്യ സംസ്കരണത്തിനും മലിനജലം സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനം ഉറപ്പ വരുത്തണം.
8. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
9. 1967-ലെ കേരള ഭ്രവിനിയോഗ ഉത്തരവിനു അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്.
10. പ്രസ്തുത സ്ഥാപനം മൂലമോ, സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസരവാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
11. ലീസിനെടുത്ത കാലാവധി തീരുന്നമുറയ്ക്ക് സെക്രട്ടറി തുടർനടപടി സ്വീകരിക്കേണ്ടതാണ്.
12. കെ.പി.ബി.ആർ-2019-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭ്രവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി. അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവു.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 15/2021/KTM)

LOCAL SELF GOVERNMENT PLANNING OFFICE OF THE KOTTAYAM DISTRICT TOWN PLANNER PIN-686 001

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
മുണ്ടക്കയം ഗ്രാമപഞ്ചായത്ത് (പ്ലാൻ + സൈറ്റ് സഹിതം)

പകർപ്പ് :

1. ജി.സതീഷ്, കൊച്ചുകൊട്ടാരത്തിൽ, ബ്ലോക്ക് ജംഗ്ഷൻ, റാന്നി.പി.ഒ
2. അധികം -1

S8032021